പതിമൂന്നാം കേരള നിയമസഭ
13-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 723 | 11.03.2015-ൽ മറുപടിയ്ക്ക്

## നെന്മാറ സി.എച്ച്.സി. താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനു നടപടി

| ചോദ്യം<br>ശ്രീ.വി.ചെന്താമരാക്ഷൻ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
|---|---|---|---|
| എ | നെന്മാറ നിയോജക മണ്ഡലത്തിലെ നെന്മാറ സി.എച്ച്.സി. ഏഴ് ഗ്രാമ പഞ്ചായത്തുകളിലെ ജനങ്ങളുടെ ഏക കിടത്തി ചികിത്സാ കേന്ദ്രമാണ് എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ | ഉണ്ട്. |
| ബി | 93 കിടക്കകളുള്ള ഈ ആരോഗ്യ കേന്ദ്രത്തെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | ബി | 26/05/2014 ലെ സ.ഉ (സാധ) നം. 1669/2014/ആകവ, 01/01/2015 ലെ സ.ഉ (സാധ) നം. 4/15/ആകവ എന്നിവ പ്രകാരം നെന്മാറ സി.എച്ച്.സിയിൽ ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നീ സ്പെഷ്യാലിറ്റി യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. താലൂക്കാശുപത്രികൾക്കാവശ്യമായ കൂടുതൽ സ്പെഷ്യാലിറ്റി യൂണിറ്റുകൾ അത്യാഹിത വിഭാഗം എന്നിവയ്ക്ക് നിലവിലുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ദൗർലഭ്യം, വ്യയനിയന്ത്രണം എന്നീ കാരണങ്ങളാൽ സാധിക്കാത്ത സാഹചര്യമാണ്. |
| സി | ഈ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് നിലവിൽ എന്തെല്ലാം നടപടി ക്രമങ്ങളാണ് നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ; | സി | നെന്മാറ സി.എച്ച്.സിയെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ സാമ്പത്തിക സ്ഥിതി മോശമായതിനാൽ പരിഗണിച്ചിട്ടില്ല. എന്നാൽ 25/11/2013 ലെ സ.ഉ (ആർ.റ്റി) നം. 3937/13/ആകവ പ്രകാരം അസിസ്റ്റന്റ് സർജൻമാരുടെ 3 തസ്തികകൾ സ്ഥാനമാറ്റം വഴി നെന്മാറ സി.എച്ച്.സിയ്ക്ക് അനുവദിച്ചിട്ടുണ്ട്. നെന്മാറ സി.എച്ച്.സി ഉൾപ്പെടെ സംസ്ഥാനത്തെ 154 ആശുപത്രികളിൽ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിക്കുന്നതിന് സ.ഉ (സാധ) നം. 1669/14/ആകവ, തീയതി 26/05/2014, സ.ഉ (സാധ) 4/15/ആകവ തീയതി 01/01/15 ഉത്തരവുകൾ പ്രകാരം ഗൈനക്കോളജി പീഡിയാട്രിക്സ് എന്നീ |

| | | | |
|---|---|---|---|
| | | | സ്പെഷ്യാലിറ്റി യൂണിറ്റുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ